# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്(2)

**2024 മാർച്ച് 15**

---

## ഡോ. ബിജു ലക്ഷ്മണന് എം.ജി സർവകലാശാലാ സമൂഹത്തിൻറെ അന്ത്യാഞ്ജലി

കഴിഞ്ഞ ദിവസം അന്തരിച്ച സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട്സ് ആൻറ് ഡവലപ്മെൻറൽ സ്റ്റഡീസ് ഡയറക്ടർ ഡോ. ബിജു ലക്ഷ്മണന് മഹാത്മാ ഗാന്ധി സർവകലാശാലാ സാമൂഹത്തിൻറെ അന്ത്യാഞ്ജലി. അദ്ദേഹത്തിൻറെ മൃതദേഹം സർവകലാശാലാ അസംബ്ലി ഹാളിൽ പൊതുദർശനത്തിന് വച്ചപ്പോൾ സഹപ്രവർത്തകരും വിദ്യാർഥികളും സുഹൃത്തുക്കളുമുൾപ്പെടെ നിരവധി പേർ അന്തിമോപചാരമർപ്പിക്കാനെത്തി.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. എ. ജോസ്, ഡോ. ബിജു തോമസ്, ഡോ. ബിജു പുഷ്പൻ, ഡോ. ബാബു മൈക്കിൾ, രജിസ്ടാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സെനറ്റ് അംഗങ്ങൾ, സംഘടനാ പ്രതിനിധികൾ, വിദ്യാർഥി യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ ഡോ. ബിജുവിന് വിട നൽകി.

തുടർന്ന് രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻറെ നേതൃത്വത്തിൽ മൃതദേഹം ഡോ. ബിജു ലക്ഷ്മണൻറെ സ്വദേശമായ കൊട്ടാരക്കര വയയ്ക്കലിലേക്ക് കൊണ്ടുപോയി. അധ്യാപകൻ, ഗവേഷകൻ, സംഘാടകൻ തുടങ്ങി നിലകളിൽ നിറസ്സാന്നിധ്യമായിരുന്ന ഡോ. ബിജു ലക്ഷ്മണൻറെ വേർപാട് സർവകലാശാലാ സമൂഹത്തിന് തീരാ നഷ്ടമാണെന്ന് വൈസ് ചാൻസലർ പറഞ്ഞു.

സംസ്കാരം നാളെ(മാർച്ച് 17 ഞായർ) ഉച്ചയ്ക്ക് വീട്ടുവളപ്പിൽ നടക്കും.

(പി.ആർ.ഒ/39/250/2024)

## പരീക്ഷാ ഫലം

2022 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിഷെറി ബയോളജി ആൻ്റ് അക്വാകൾച്ചർ(2017 അഡ്മിഷൻ റഗുലർ, 2015,2016 അഡ്മിഷനുകൾ സപ്ലിമെൻ്ററി) പരീ

ക്ഷാഫലം പ്രസിദ്ധീകരിച്ചു.
......................

ബി.എ പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നും രണ്ടും സെമസ്റ്ററുകൾ(സിബിസിഎസ്എസ് - 2015,2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മാർച്ച് 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/251/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് സ്പോർട്സ് മാനേജ്മെന്റ് സിബിസിഎസ്(2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ രണ്ടു മുതൽ 9 വരെ അതത് കോളജുകളിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.
.............................

ഒന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2017-2022 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ് - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 26 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
..............................

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ്/ കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് സിബിസിഎസ്എസ്(2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ് - സെപ്റ്റംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 27നു മാറമ്പള്ളി എംഇഎസ് കോളജിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/252/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**